ICPS 4(A)/019411/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്),
SCPS, പൂജപ്പുര, തിരുവനന്തപുരം.
തീയതി : 06.07.2017

# സർക്കുലർ

വിഷയം : സാ.നീ.വ-ഐ.സി.പി.എസ്- National Child Award for Exceptional Achievement-2017 വർഷത്തെ അവാർഡിന് അപേക്ഷകൾ ക്ഷണിച്ചത് - നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :

കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന കുട്ടികൾക്കുള്ള അവാർഡായ National Child Award for Exceptional Achievement-2017 ലേയ്ക്കുള്ള അവാർഡിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അവാർഡ് സംബന്ധിച്ച വിജ്ഞാപനവും, വാർത്താക്കുറിപ്പും, വിശദവിവരങ്ങളും ഇതോടൊന്നിച്ചയയ്ക്കുന്നു. ടി വിവരം പ്രാദേശിക വാർത്താ മാധ്യമങ്ങളിലൂടെ പ്രചാരം നൽകേണ്ടതാണ്. 2017 ജൂലൈ 15 വരെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അപേക്ഷകളിന്മേൽ അന്വേഷണം നടത്തി വ്യക്തവും വസ്തുനിഷ്ഠവുമായ ഇംഗ്ലീഷിലുള്ള ശുപാർശയും റിപ്പോർട്ടും സഹിതം 2017 ജൂലൈ 18 നകം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്. സമയപരിധിയും മാനദണ്ഡങ്ങളും കൃത്യമായ പാലിക്കേണ്ടതാണ്. വിശദവിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. നിശ്ചിത തീയതിയ്ക്കകം ലഭിക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.

നമ്പർ : ICPS 4A/19141/2017

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി
(ഐ.സി.പി.എസ്)
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 06/07/2017

# വിജ്ഞാപനം

"National Child Award for Exceptional Achievement 2017" എന്ന പേരിൽ 5-നും 18-നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്കായി കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം നൽകി വരുന്ന 2017 വർഷത്തേയ്ക്കുള്ള അവാർഡിനു പരിഗണിക്കുന്നതിലേയ്ക്കായി അപേക്ഷ/നോമിനേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. താഴെപ്പറയുന്ന മേഖലകളിൽ ഏതെങ്കിലുമൊന്നിൽ മികവു തെളിയിച്ച കുട്ടികൾക്ക് ഈ അവാർഡിനു വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. ഏതെങ്കിലും മേഖലയിൽ നടത്തിയ കണ്ടുപിടിത്തങ്ങൾ (രൂപകൽപ്പന ഉൾപ്പടെ).
2. ദേശീയ തലത്തിൽ, വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ (ഉദാഹരണമായി കണക്ക് എന്ന വിഷയത്തിൽ രണ്ടു വർഷം തുടർച്ചയായി ദേശീയ തലത്തിൽ ഒന്നാം സ്ഥാനം എത്തിയത്)
3. കല, കായികം, സാംസ്കാരികം, സാമൂഹ്യ സേവനം, സംഗീതം എന്നീ മേഖലകൾ.
4. അംഗീകാരം അർഹിക്കുന്ന മറ്റേതെങ്കിലും മേഖലകൾ.

അവാർഡുകൾ

ഒരു സ്വർണ്ണവും 35 സിൽവർ മെഡലുകളും അടങ്ങുന്നതാണ് ഈ ദേശീയ അവാർഡ്. സ്വർണ്ണമെഡൽ ജേതാവിന് 20,000/-രൂപയുടെ ക്യാഷ്പ്രൈസും 10,000/-രൂപയുടെ ബുക്ക് വൗച്ചറും പ്രശംസാപത്രവും ഫലകവും ലഭിക്കും. വെള്ളി മെഡൽ ജേതാക്കൾക്ക് 10,000/-രൂപ വീതം ക്യാഷ് പ്രൈസ്, 3,000/-രൂപ വീതമുള്ള ബുക്ക് വൗച്ചറും പ്രശംസാപത്രവും ഫലകവും ലഭിക്കും.

പ്രായപരിധി :- 31.05.2017-ന് 5 വയസ്സ് തികയുകയും 18 വയസ്സ് പൂർത്തിയാകാത്ത-വരുമായ കുട്ടികൾക്ക് അപേക്ഷിക്കാം.

അപേക്ഷിക്കേണ്ട വിധം :- കുട്ടികൾ നേരിട്ട് അപേക്ഷിക്കുകയോ അർഹരായ കുട്ടികളെ കണ്ടെത്തുന്ന സംഘടനകൾ/വ്യക്തികൾ എന്നിവർക്ക് നോമിനേഷൻ സമർപ്പിക്കുകയോ ചെയ്യാം. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോം ഇംഗ്ലീഷിൽ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നിശ്ചിത സമയപരിധിയ്ക്കകം സമർപ്പിക്കണം.

അപേക്ഷിക്കേണ്ട അവസാന തീയതി : 15.07.2017.

അവാർഡ് സംബന്ധിച്ച വിവരങ്ങൾക്ക്:-

1. www.sjd.kerala.gov.in എന്ന വെബ് സൈറ്റ് പരിശോധിക്കുക
2. State Child Protection Society, Social Justice Department, Poojappura, Thiruvananthapuram എന്ന ഓഫീസിൽ നേരിട്ടോ ഫോൺ (ഫോൺ നമ്പർ : 0471-2342235) മുഖാന്തിരമോ ബന്ധപ്പെടുക.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

## PARTICULAR S OF THE INDIVIDUAL RECOMMENDED NATIONAL CHILD AWARD FOR EXCEPTIONAL ACHIEVEMENT

| 2-passport size recent photographs (duly attested) |
|---|

1. Name :
   (in Hindi)
   (in English)

   i. Date of birth :
   ii. Place of birth :
   iii. Educational Qualifications :
   iv. Address :

   v. Telephone No. (Office/residence) :
   vi. Mobile no :
   vii. E-mail :
   viii. FAX No :
   ix. Aadhar Number :

2. Field of achievement :

3. How is the performance of the individual judged as exceptional achievement (in brief) :

4. A brief like-sketch of the child including certificate, press clipping etc :

5. Sponsored by ( Government, other agencies etc. With details) :

6. Remarks of the State Government :

# വാർത്താക്കുറിപ്പ്

"National Child Award for Exceptional Achievement" എന്ന പേരിൽ 5 വയസ്സിനും 18 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്കായി കേന്ദ്ര വനിത ശിശുക്ഷേമ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന്, 2017 വർഷത്തേയ്ക്ക് പരിഗണിക്കപ്പെടുന്നതിലേയ്ക്കായി അപേക്ഷ/നോമിനേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിദ്യാഭ്യാസം, കല, ഇന്നവേഷൻ, കായികം, സംഗീതം, സാമൂഹ്യസേവനം, സാംസ്ക്കാരികം തുടങ്ങി വിവിധ രംഗങ്ങളിൽ നേട്ടങ്ങൾ ലഭിച്ച കുട്ടികൾക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്. 2017 ജൂലൈ 31 ന് 5 വയസ്സ് കഴിഞ്ഞവരും 18 വയസ്സ് പൂർത്തിയാക്കാത്തവരുമായ കുട്ടികൾക്കാണ് അപേക്ഷിക്കുവാനുള്ള അർഹത. കുട്ടികൾ നേരിട്ട് അപേക്ഷിക്കുകയോ അർഹരായ കുട്ടികളെ കണ്ടെത്തുന്ന സംഘടനകൾ/വ്യക്തികൾ എന്നിവർക്ക് നോമിനേഷൻ സമർപ്പിക്കുകയോ ചെയ്യാം. ഇംഗ്ലീഷിലുള്ള നിശ്ചിതഫാറം പൂരിപ്പിച്ചു അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിൽ ജൂലൈ 15 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷ അയയ്ക്കുന്നവർ ശ്രദ്ധ പതിപ്പിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഏത് മേഖലയിലാണോ, അപേക്ഷകൻ മികവ് പുലർത്തുന്നത്, അതിൽ അസാധാരണമായ കഴിവ് ഉണ്ടായിരിക്കണം.
2. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
3. കുട്ടിയ്ക്കുണ്ടെന്ന് അവകാശപ്പെടുന്ന കഴിവ് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതോ പ്രസ്തുത മേഖലയിലെ വിദഗ്ദ്ധർ സാക്ഷ്യപ്പെടുത്തിയതോ ആയിരിക്കണം. പ്രസ്തുത രേഖകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.

വിശദ വിവരങ്ങൾ അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിലും തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിയ്ക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസിലും (ഫോൺ - 0471 2342235) സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in ലും ലഭ്യമാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി